| 28-07-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളേ, പാവനമാകുന്നതിനു വേണ്ടി തന്റെ സ്വധർമ്മത്തിലിരിക്കൂ, അശരീരിയായി ഒരു ബാബയെ ഓർമ്മിക്കൂ.

**ചോദ്യം** : ഏതു വിധിയിലൂടെ പുതിയ വിദ്യാർത്ഥികളിൽ ജ്ഞാനത്തിന്റെ നിറം പതിക്കുവാൻ സാധിക്കുന്നു?
**ഉത്തരം** : അവരെ ഏറ്റവുമാദ്യം 7 ദിവസത്തെ ഭട്ഠിയിലിരുത്തൂ. ആരെങ്കിലും വന്നാൽ അവരെ കൊണ്ട് ഫോം പൂരിപ്പിക്കുക എന്നത് നിയമമാണ്. ആദ്യം 7 ദിവസം ഭട്ഠിയിൽ ഇരിക്കണം എങ്കിൽ നന്നായി നിറം പതിയും. നിങ്ങൾ ഭ്രമരി വണ്ടിനു സമാനം ജ്ഞാനത്തിന്റെ ഭൂം ഭൂം ചെയ്ത് മറ്റുള്ളവരെ താങ്കൾക്ക് സമാനമാക്കുന്നു. നിങ്ങൾക്കറിയാം, ഇപ്പോൾ ദേവതാ ധർമ്മത്തിന്റെ തൈകൾ നട്ട് കൊണ്ടിരിക്കുകയാണ് . ആരാണോ ഈ കുലത്തിലുള്ള ആത്മാക്കൾ അവർ മഹാരോഗിയിൽ നിന്നും നിരോഗിയാകുവാൻ വേണ്ടിയുള്ള പുരുഷാർത്ഥത്തിൽ മുഴുകും.

**ഗീതം** : സഭയിൽ ജ്വലിച്ചുയർന്ന ദീപം........

**ഓംശാന്തി**. കുട്ടികൾക്ക് ഓം ശാന്തിയുടെ അർത്ഥം മനസ്സിലാക്കി തന്നിട്ടുണ്ട്. ഓം അർത്ഥം ഞാൻ. ഞാൻ ആരാണ്? ഞാൻ ആത്മാവ്, പിന്നെ എന്റെ ശരീരത്തിലെ കർമ്മേന്ദ്രിയങ്ങൾ. ആത്മാവിന്റെ സ്വധർമ്മം തന്നെ ശാന്തിയാണ്. ആത്മാവ് ആരുടെ സന്താനമാണ്? പറയും, പരംപിതാ പരമാത്മാവിന്റേത്. ബാബയും ശാന്തമാണ്. ആത്മാക്കൾ സൈലൻസ് വേൾഡിൽ, ശാന്തിധാമത്തിൽ വസിക്കുന്നു. പിന്നെ പാർട്ട് അഭിനയിക്കുന്നതിനു വേണ്ടി ശബ്ദത്തിന്റെ ലോകത്തിൽ വരുന്നു. ഇപ്പോൾ പരിധിയില്ലാത്ത അച്ഛൻ പറയുന്നു – അല്ലയോ കുട്ടികളേ, തന്റെ സ്വധർമ്മത്തിലിരിക്കൂ. അശരീരിയായി ഇരിക്കൂ. ബാബയെ ഓർമ്മിക്കൂ. ആ ബാബയെ പ്രകാശം എന്നും പറയുന്നു. ഇത് പതീത മനുഷ്യരുടെ സഭയാണ്. ഈ സമയം ഇത് പതീത ലോകമാണ്. എല്ലാ മനുഷ്യരും പതീതമാണ്. സത്യയുഗത്തിൽ ഭാരതം പാവനമായിരുന്നു എന്ന് മനസ്സിലാക്കി തന്നിട്ടുണ്ട്. ഗൃഹസ്ഥ ധർമ്മം എന്ന് പറയുന്നു, അതിനെയാണ് സുഖധാമം എന്ന് പറയുന്നത്. ഭാരതം പാവനമായിരുന്നു, ഇപ്പോൾ പതീതമാണ്. ദുഃഖധാമമാണ്. ഈ ചക്രം കറങ്ങികൊണ്ടിരിക്കുന്നു. ഇത് മംഗളകാരിയായ സംഗമയുഗമാണ്, ഇപ്പോഴാണ് പതീത മനുഷ്യ സൃഷ്ടിയിൽ ബാബയ്ക്ക് വരേണ്ടത് – പതീത മനുഷ്യ സൃഷ്ടിയെ പാവനമാക്കുന്നതിനു വേണ്ടിയാണ്. ബാബ തന്നെയാണ് പഴയ ലോകത്തിൽ നിന്നും പുതിയ ലോകം രചിക്കുന്നത്, ബാബയെ തന്നെയാണ് പരംപിതാ പരമാത്മാവ് എന്ന് പറയുന്നത്. സർവ്വ ഭക്തരുടേയും ഭഗവാൻ ഒന്ന് തന്നെയാണ്. ബാബ പറയുന്നു – എനിയ്ക്കും പതീത ലോകത്തിൽ പതീത ശരീരത്തിൽ വരേണ്ടി വരുന്നു. പരംധാമത്തിൽ നിന്നും ഭാരതത്തെ പാവനമായ ദൈവീക രാജ്യമാക്കുന്നതിനു വേണ്ടി ഒരേയൊരു പ്രാവശ്യം തന്നെയാണ് വരുന്നത്. ഈ ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആരും അറിയുന്നില്ല കാരണം സർവ്വരും നാസ്തികരാണ്. ആസ്തികനായ ഒരു മനുഷ്യനും ഇല്ല. ബാബയെ അറിയാത്തതു കാരണം നിർധനരായി തീർന്നിരിക്കുന്നു. പരസ്പരം വഴക്കടിച്ച് കൊണ്ടിരിക്കുന്നു. ഒരോ വീട്ടിലും എത്രമാത്രം അശാന്തിയാണ്! സത്യയുഗത്തിന്റെ ആരംഭത്തിൽ ഒരു ആൾമൈറ്റി അഥോറിറ്റിയായ ദേവീ ദേവതകളുടെ രാജ്യമായിരുന്നു, സുഖധാമമായിരുന്നു പിന്നെ എങ്ങനെയാണ് ദുഃഖധാമമായത് എന്ന് ആരും അറിയുന്നില്ല.

ജ്ഞാനം ബ്രഹ്മാവിന്റെ പകലാണ്, ഭക്തി ബ്രഹ്മാവിന്റെ രാത്രിയും. ജ്ഞാനം, ഭക്തി പിന്നെ വൈരാഗ്യം എന്ന് സന്യാസിമാർ പറയുന്നുണ്ട്. അവർ വീടും കുടുംബവും ഉപേക്ഷിച്ച് കാട്ടിലേയ്ക്ക് പോകുന്നു. വൈരാഗ്യം ഉണ്ടാകുന്നു. അത് രജോഗുണിയായ സന്യാസമാണ്, ഇത് സതോപ്രധാനമായ സന്യാസമാണ്. ഈ പാപാത്മാക്കളുടെ ലോകത്തിൽ ഒരു പുണ്യാത്മാവ് പോലും ഇല്ല. ഈ കളിയെല്ലാം ഭാരതത്തിലാണുള്ളത്. ഭാരതം സ്വർണ്ണ പക്ഷിയായിരുന്നു. ഭാരതത്തിൽ വളരെയധികം സ്വർണ്ണവും രത്നങ്ങളുമൊക്കെ ഉണ്ടായിരുന്നു. സ്വർണ്ണത്തിന്റെ കൊട്ടാരമുണ്ടാക്കിയിരുന്നു, അതിൽ വജ്രങ്ങളുടെയും രത്നങ്ങളുടെയും അലങ്കാരങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ ഭാരതം കക്കയ്ക്ക് സമാനമായിരിക്കുന്നു. അതിനെ വീണ്ടും വജ്ര സമാനമാക്കുന്നത് ബാബ തന്നെയാണ്. നമ്മൾ മനുഷ്യനിൽ നിന്നും ദേവതയായിക്കൊണ്ടിരിക്കുകയാണ് എന്ന് നിങ്ങൾക്കറിയാം. ഇപ്പോൾ ആ ബാബ പതീതരുടെ സഭയിൽ വന്നിരിക്കുകയാണ്. മനുഷ്യർ വിചാരിക്കുന്നത് ഗംഗയാണ് പതീത പാവനി എന്നാണ്, സ്നാനം ചെയ്യുവാനും പോകുന്നു. എന്നിട്ടും ആരും തന്നെ പാപാത്മാവിൽ നിന്നും പുണ്യാത്മാവായിട്ടില്ല. എന്നാലും ഓരോ വർഷവും പോയി സ്നാനം ചെയ്യുന്നു. ഈ സമയം ആരും തന്നെ പാവനമല്ല. പാവനമാക്കുന്ന ബാബ എന്നുവരെ വരുന്നില്ലയോ അന്നുവരെ ആർക്കും പാവനമാകുവാൻ സാധിക്കില്ല. പാവനമാക്കുന്നത് ഗീതയുടെ ഭഗവാനാണ്. ആ ഭഗവാൻ

ഒന്ന് തന്നെയാണ് സർവ്വ ആത്മാക്കളുടേയും അച്ഛൻ. സർവ്വ ഭക്തരും ഭഗവാനാണെന്നോ ഭഗവാൻ സർവ്വവ്യാപിയാണ് എന്നോ അല്ല. ഇത് ഭഗവാനെ നിന്ദിക്കുന്നതാണ് അതുകൊണ്ട് യദാ യദാഹി.......ഇത് ഭാരതത്തിനെ കുറിച്ചാണ് പാടുന്നത്. ബാബ വന്ന് ഭാരതത്തെ വജ്ര സമാനമാക്കുന്നു, ആ ബാബയെ എത്രമാത്രം നിന്ദിക്കുന്നു. ഋഷിമാരും മുനിമാരുമൊക്കെ പറയുന്നത് രചയിതാവും രചനയും അനന്തമാണ് എന്നാണ്, അഥവാ നേതി നേതി, എന്ന് പറയുന്നു. ഇന്നത്തെ കാലത്തെ മനുഷ്യർ സർവ്വവ്യാപിയെന്നും പറയുന്നു. ബാബ പറയുന്നു – അങ്ങനെ എപ്പോഴാണോ ആകുന്നത് അപ്പോൾ ഞാൻ വന്ന് പാപാത്മാവിൽ നിന്നും പുണ്യാത്മാവാക്കുന്നു. സർവ്വരുടേയും സത്ഗതി ദാതാവ് ഒന്ന് തന്നെയാണ്. ബാബ തന്നെയാണ് വന്ന് പതീതത്തിൽ നിന്നും പാവനമാക്കി യോഗ്യരാക്കി മാറ്റുന്നത്. കുട്ടികൾക്ക് സമ്പത്ത് നല്കുന്നു. ലൗകീക അച്ഛനിൽ നിന്നും അല്പകാലത്തേയ്ക്ക് സമ്പത്ത് ലഭിക്കുന്നു. പരിധിയില്ലാത്ത അച്ഛൻ പറയുന്നു – ഞാൻ നിങ്ങൾക്ക് 21 ജന്മത്തേയ്ക്ക് പവിത്രതയുടെയും ശാന്തിയുടെയും സുഖത്തിന്റെയും സമ്പത്ത് നല്കുന്നു, അത് ലൗകീക അച്ഛന് നല്കുവാൻ സാധിക്കില്ല. ബാബ അച്ഛനുമാണ് ശിക്ഷകനുമാണ് ജ്ഞാനത്തിന്റെ സാഗരവുമാണ്. ബാബയുടെ മഹിമ വളരെ ഉയർന്നതാണ്, മനുഷ്യസൃഷ്ടിയുടെ ബീജരൂപവുമാണ്. ഇത് മനുഷ്യസൃഷ്ടിയുടെ വ്യത്യസ്ഥ ധർമ്മങ്ങളുടെ വൃക്ഷമാണ്. സത്യയുഗത്തിലേത് ആദി സനാതന ദേവീ ദേവതാ ധർമ്മമാണ്. അതിൽ നിന്നും മറ്റ് ധർമ്മങ്ങൾ ഉത്ഭവിക്കുന്നു. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണ ധർമ്മത്തിലേതായിരിക്കുന്നു. ഇതിനു മുൻപ് ശൂദ്ര ധർമ്മത്തിലേതായിരുന്നു. ഇപ്പോൾ ബ്രാഹ്മണനിൽ നിന്നും ദേവതയും പിന്നെ ക്ഷത്രിയനും ആകും. ഈ 84ന്റെ ചക്രം കറക്കേണ്ടതുണ്ട്. സത്യയുഗത്തിലും നിങ്ങളാണ് ആദ്യമാദ്യം വരുന്നത്. ആത്മാവും പരമാത്മാവും വളരെ കാലം വേറിട്ടിരുന്നു എന്ന് പാടപ്പെടുന്നുണ്ട്. ഗീത ത്തിൽ ഇതും കേട്ടു ഞങ്ങൾ നാലുപാടും ചുറ്റിക്കറങ്ങി എന്നിട്ടും എത്രയോ അകലെത്തന്നെയിരുന്നു അർത്ഥം ബാബയെ കണ്ടുമുട്ടാൻ സാധിച്ചില്ല.

ഇപ്പോൾ രാവണരാജ്യമാണ്. രാമരാജ്യം ദേവതാ രാജ്യമാണ്. സ്വർഗ്ഗവും നരകവും ഇപ്പോൾ ഇവിടെ തന്നെയാണെന്നാണ് മനുഷ്യർ മനസ്സിലാക്കുന്നത്. പക്ഷേ ഒരിക്കലും അങ്ങനെയല്ല. മനുഷ്യൻ മരിച്ചു കഴിഞ്ഞാൽ സ്വർഗ്ഗവാസിയായി എന്ന് പറയാറുണ്ട് അപ്പോൾ തീർച്ചയായും നരകത്തിലായിരുന്നു. തീർച്ചയായും പുനർജന്മവും നരകത്തിൽ തന്നെയാണ് എടുക്കേണ്ടത്. മനുഷ്യർക്ക് അനേകം മതങ്ങളുണ്ട്. ഒന്ന് പോലെ അല്ല മറ്റൊന്ന്. അനേക പ്രകാരത്തിലെ ദ്വൈത മതങ്ങളുണ്ട്. ഭാരതത്തിൽ അരകല്പം ദ്വൈതമതമായിരിക്കും. ഇപ്പോൾ ആസുരീയ മതമാണ്. ഭാരതവാസികൾ ഏതൊരു ഭഗവാനെയാണോ ഓർമ്മിക്കുന്നത്, ആ പാരലൗകീക അച്ഛനെ അറിയണമല്ലോ അല്ലേ. ഇപ്പോൾ ഭാരതം കക്കയ്ക്ക് സമാനമാണ്. അതിനെ വജ്ര സമാനമാക്കണം. ഗാന്ധി അഥവാ നെഹറു ആഗ്രഹിച്ചിരുന്നത് ഭാരതത്തിൽ വേൾഡ് ആൾമൈറ്റി അഥോറിറ്റി രാമരാജ്യം ആകണം എന്നാണ്. ഏതോ ഒരു സമയം ഭാരതം അങ്ങനെയായിരുന്നു എന്ന് മനസ്സിലാക്കുന്നുണ്ട്, ഇപ്പോൾ അല്ല, അതുകൊണ്ട് രാമരാജ്യത്തിനു വേണ്ടി പരിശ്രമിക്കുന്നു. എന്നാൽ ഇതൊന്നും ഒരു മനുഷ്യന്റെ കൈയ്യിലും അല്ല. നിങ്ങൾ ബ്രാഹ്മണരാണ്, പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനമാണ്. പരംപിതാ പരമാത്മാവിന്റെ സന്താനങ്ങളാണ് നിരാകാരമായ ആത്മാക്കൾ. ബ്രഹ്മാകുമാർ കുമാരിമാർക്കാണ് സമ്പത്ത്. ബ്രഹ്മാവിനും ശിവബാബയിൽ നിന്നുമാണ് സമ്പത്ത് ലഭിക്കുന്നത്. ഇദ്ദേഹവും സഹോദരനാണ്. കുട്ടികൾ എല്ലാം സഹോദരങ്ങളാണ് അപ്പോൾ തീർച്ചയായും സർവ്വ ആത്മാക്കളുടേയും അച്ഛൻ ഒന്ന് തന്നെയാണ്. ഇപ്പോൾ ബ്രഹ്മാവിന്റെ മുഖവംശാവലികളായ നിങ്ങൾ കുട്ടികൾ സർവ്വരും സഹോദരീ സഹോദരന്മാരാണ്. മുത്തച്ഛനിൽ നിന്നുമാണ് നിങ്ങൾക്ക് സമ്പത്ത് ലഭിക്കുന്നത്. ശരീരം കൊണ്ട് സ്ത്രീയായാലും പുരുഷനായാലും മുത്തച്ഛന്റെ സമ്പത്തിന്റെ മേൽ സർവ്വ ആത്മാക്കൾക്കും അവകാശമുണ്ട്. ലൗകീക മുത്തച്ഛന്റെ സമ്പത്ത് കേവലം ആൺകുട്ടികൾക്ക് മാത്രമാണ് ലഭിക്കുന്നത്. ഇത് പരിധിയില്ലാത്ത അച്ഛനല്ലേ. ഭാരതവാസികൾക്ക് സത്യയുഗത്തിലും ത്രേതായുഗത്തിലും പരിധിയില്ലാത്ത അച്ഛനിൽ നിന്നും 21 കുലം വളരെയധികം സുഖം ലഭിക്കുന്നു. നിങ്ങൾ ഇപ്പോൾ 84 ന്റെ ചക്രം അറിയുന്നുണ്ട്. ബാബ പറയുന്നു – ഞാൻ ഗൈഡായി വന്നിരിക്കുകയാണ് നിങ്ങൾ സർവ്വരേയും കൊണ്ട് പോകുന്നതിനു വേണ്ടി. നിങ്ങൾ തന്നെയാണ് ആദ്യമാദ്യം വന്നിരുന്നത്. ഇപ്പോൾ അവസാനവും നിങ്ങൾ തന്നെയാണ്. പിന്നെ ആദ്യമാദ്യം നിങ്ങൾ തന്നെയാണ് മനുഷ്യനിൽ നിന്നും ദേവതയാകുന്നത്. ദേവീ ദേവതാ ധർമ്മത്തിലുള്ളവർ തന്നെയാണ് 84 ജന്മം എടുക്കുന്നത്. പിന്നെ നമ്പർവാർ അനുസരിച്ച് കുറയുന്നു. മറ്റ് ധർമ്മങ്ങളിൽ ഉള്ളവർക്ക് തീർച്ചയായും ജന്മം വളരെ കുറവായിരിക്കും. ഇപ്പോൾ ആ ആദി സനാതന ദേവീ ദേവതാ ധർമ്മം ഇല്ല. വീണ്ടും സ്ഥാപിച്ച് കൊണ്ടിരിക്കുന്നു. ഇബ്രാഹിം നബി വീണ്ടും എപ്പോഴാണ് വരുന്നത് എന്ന് നിങ്ങൾക്കറിയാം. ക്രൂസ്തു എത്ര സമയത്തിന് ശേഷം വരും? ഈ ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും മനുഷ്യർ തന്നെയല്ലേ അറിയുന്നത്. ബാബ മനസ്സിലാക്കി തരുന്നു – എപ്പോഴാണോ സർവ്വരും പാപാത്മാക്കളാകുന്നത് അപ്പോൾ ഞാൻ വന്ന് പുണ്യാത്മാവാക്കുന്നു. ആരാണോ കല്പത്തിനു മുൻപ് ആയിരുന്നത് അതിന്റെ തൈച്ചെടികൾ നട്ട് കൊണ്ടിരിക്കുന്നു. സത്യയുഗത്തിൽ ഒരു ധർമ്മം തന്നെയാണുണ്ടായിരുന്നത്.ഇപ്പോൾ കലിയുഗത്തിൽ

അനേക ധർമ്മങ്ങളുണ്ട്. പതീത ആത്മാക്കളുടെ സഭയാണ്. സർവ്വരേയും പാവനമാക്കുന്നതിനു വേണ്ടിയാണ് ബാബ വരുന്നത്. സത്ഗതി നല്കുന്നവൻ ആ ഒന്ന് തന്നെയാണ്. മായാ രാവണൻ ദുർഗ്ഗതിയുണ്ടാക്കുന്നു അതുകൊണ്ട് ദേവതകളുടെ മുന്നിൽ പോയി - ഞാൻ നിർഗുണനാണ് എന്നിൽ യാതൊരു ഗുണവും ഇല്ല എന്ന് പാടുന്നു. ബാബ വന്ന് പതീതത്തിൽ നിന്നും പാവനമാക്കി ദൈവീക ഗുണങ്ങളുള്ളവരാക്കുന്നു. ഇപ്പോൾ നിങ്ങൾ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുന്നു. വീണ്ടും ഭാരതത്തിൽ ദൈവീക രാജ്യമായിത്തീരും. ഇപ്പോൾ ഈ ലോകം മാറികൊണ്ടിരിക്കുന്നു.

നിങ്ങൾ പരിധിയില്ലാത്ത സന്യാസിമാരാണ്. അവരുടേത് പരിധിയുള്ള വൈരാഗ്യമാണ്. ഇത് പരിധിയില്ലാത്ത വൈരാഗ്യമാണ്. നിങ്ങൾ മുഴുവൻ പഴയ സൃഷ്ടിയേയും മറന്ന് തന്റെ അച്ഛനെ ഓർമ്മിച്ച് സമ്പത്ത് എടുക്കുന്നു. ബാബ പറയുന്നു - എന്നെ ഓർമ്മിക്കുകയാണെങ്കിൽ ആ ഓർമ്മയിലൂടെ അഥവാ യോഗാഗ്നിയിലൂടെ വികർമ്മം നശിക്കും. നിങ്ങൾ വികർമ്മാജീത്താകും. ബാബ പറഞ്ഞ് തന്നിട്ടുണ്ട്- നാലഞ്ച് പേർ ഒരുമിച്ച് വരികയാണെങ്കിൽ അവരെ കൊണ്ട് വേറെ വേറെ ഫോം പൂരിപ്പിക്കണം. അപ്പോൾ ആര് ഏത് ധർമ്മത്തിലുള്ളതാണ് എന്ന് മനസ്സിലാക്കുവാൻ സാധിക്കും. അനേക ധർമ്മങ്ങളും അനേക മതങ്ങളും ഉണ്ടല്ലോ. ദേവീ ദേവതാ ധർമ്മത്തിലുള്ളവർക്കാണ് അസ്ത്രം തറയ്ക്കുന്നത്. കറാച്ചിയിൽ വേറെ വേറെയാണ് മനസ്സിലാക്കി കൊടുത്തിരുന്നത്. ഫോം പൂരിപ്പിക്കുക എന്ന നിയമവും വളരെ അവശ്യമാണ്. 7 ദിവസം ഭട്ഠിയിലിരിക്കണം കാരണം മഹാ രോഗികളായിരിക്കുന്നു. (വേട്ടാളന്റെ ഉദാഹരണം) നിങ്ങൾ കുട്ടികൾ വേട്ടാളന്മാരാണ്(ഭ്രമരി). ഭൂം ഭൂം ചെയ്ത് തനിക്ക് സമാനമാക്കേണ്ടതുണ്ട്. ദേവതാ ധർമ്മത്തിലുള്ളവരുടെ ചെടികൾ തന്നെയാണ് നടുന്നത്. കുട്ടികൾക്ക് യുക്തികളും പറഞ്ഞ് കൊടുക്കണം. നിങ്ങൾ സർവ്വരും ബ്രഹ്മാകുമാർ കുമാരിമാരാണ്. മനുഷ്യർ ഇത് പോലും ചോദിക്കുന്നില്ല, ഈ ബ്രഹ്മാകുമാർ കുമാരിമാർ, ആരാണ്? പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികളെ ബ്രഹ്മാകുമാർ കുമാരിമാർ എന്നല്ലേ പറയേണ്ടത്. വികാരി ദൃഷ്ടി ഉണ്ടാകാൻ കഴിയില്ല. ഇത് രാജയോഗമാണ്, ഗോഡ് ഫാദർലി യൂണിവേഴ്സിറ്റിയാണ്. ഭഗവാനുവാച - ഞാൻ നിങ്ങളെ രാജാക്കന്മാരുടേയും രാജാവാക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. വികർമ്മാജീത്താകുന്നതിനു വേണ്ടി മുഴുവൻ പഴയ ലോകത്തിനോടും പരിധിയില്ലാത്ത വൈരാഗ്യം വെച്ച്, ഇതിനെ മറന്ന് ഒരു ബാബയുടെ ഓർമ്മയിലിരിക്കണം.

2. ഭ്രമരിക്കു സമാനം പോലെ ജ്ഞാനത്തിന്റെ നിറം പിടിപ്പിക്കുന്നതിന്റെ സേവനം ചെയ്യണം. യുക്തിയോടുകൂടി മഹാരോഗികളെ നിരോഗിയും നാസ്തികരെ ആസ്തികരും ആക്കണം.

## വരദാനം - സദാ സാക്ഷി സ്ഥിതിയിൽ സ്ഥിതി ചെയ്ത് നിർലേപ (പറ്റിപ്പിടിക്കാത്ത) അവസ്ഥയുടെ അനുഭവം ചെയ്യുന്ന സഹജയോഗിയായി ഭവിക്കട്ടെ.

ആരാണോ ദേഹത്തിന്റെ സംബന്ധത്തിൽ നിന്നും ദേഹത്തിൽ നിന്നും സാക്ഷി അർത്ഥം നിർമ്മോഹിയായിരിക്കുന്നത്, അവർ ഈ പഴയ ലോകത്തിൽ നിന്നും സാക്ഷിയായിരിക്കും. അവർ സമ്പർക്കത്തിലേക്ക് വന്നുകൊണ്ടും എല്ലാം കണ്ടുകൊണ്ടും സ്നേഹിയും നിർമ്മോഹിയുമായിരിക്കുന്നു. ഈ സ്ഥിതി തന്നെയാണ് സഹജയോഗിയുടെ അനുഭവം ചെയ്യിക്കുന്നത്. ഇതിനെയാണ് പറയുന്നത് കൂടെയിരുന്നുകൊണ്ടും നിർലേപ സ്ഥിതി. ആത്മാവ് നിർലേപമല്ല എന്നാൽ ആത്മാഭിമാനി സ്ഥിതി, നിർലേപമാണ് അർത്ഥം മായയുടെ ആകർഷണത്തിലും ഉപരിയാണ്. ഈ അവസ്ഥയിൽ ഇരിക്കുന്നവർ മായയുടെ യുദ്ധത്തിൽ നിന്നും രക്ഷപ്പെടുന്നു.

## സ്ലോഗൻ - ശുഭഭാവന ശുഭകാമനയിലൂടെ സൂക്ഷ്മ സേവനം ചെയ്യുന്നവരാണ് മഹാൻ ആത്മാക്കൾ.

(മാതേശ്വരിജിയുടെ മഹാവാക്യം)

**1. പരമാത്മാവ് ഒന്നാണ് ബാക്കി സർവ്വരും ആത്മാക്കളാണ്.**

പരമാത്മാവ് ഒന്നാണ്, ആ പരമാത്മാവ് തന്നെയാണ് സർവ്വശക്തിവാനും എല്ലാം അറിയുന്നവനും എന്ന് ലോകം മുഴുവൻ അറിയുന്നുണ്ട്. അതുപോലെ ലോകത്തിലുള്ളവർ സ്വയം പറയുന്നുമുണ്ട് നമ്മൾ പരമാത്മാവിന്റെ സന്താനമാണ് എന്ന്. പരമാത്മാവ് ഒന്നാണ്, ഏത് ധർമ്മത്തിലുള്ളവരാകട്ടെ അവരും പരമാത്മാവിനെ തന്നെയാണ് അംഗീകരിക്കുന്നത്. അവരും സ്വയത്തെ പരമാത്മാവ് അയച്ച സന്ദേശവാഹകരാണ് എന്ന് മനസ്സിലാക്കുന്നുണ്ട്, അങ്ങനെയുള്ള സന്ദേശവുമായി വന്ന് അവരവരുടെ ധർമ്മം സ്ഥാപിക്കുന്നു. ഗുരുനാനാക്കും പരമാത്മാവിന്റെ ഇത്രയും മഹിമയാണ് പറഞ്ഞത് അതായത് *ഏക് ഓങ്കാരം, സത് നാം*. ഏക് ഓങ്കാരം എന്നതിന്റെ അർത്ഥം പരമാത്മാവ് ഒന്നാണ്. സത് നാം അർത്ഥം പരമാത്മാവിന്റെ പേര് സത്യമാണ് അർത്ഥം പരമാത്മാവ് നാമ രൂപമുള്ളവനും,അവിനാശിയും അകാലമൂർത്തിയുമാണ് പിന്നെ കർത്താവായ പുരുഷനുമാണ് എന്നുവെച്ചാൽ സ്വയം അകർത്താവായിരുന്നും എങ്ങനെയാണ് ബ്രഹ്മാവിന്റെ ശരീരത്തിലൂടെ കർത്താവായ പുരുഷനുമാകുന്നത്. ഈ മഹിമയെല്ലാം തന്നെ പരമാത്മാവിന്റേതാണ്, മനുഷ്യർ ഇത്രയും മനസ്സിലാക്കിയിട്ട് പോലും പറയുന്നത് സർവ്വത്ര ഈശ്വരനാണ് എന്നാണ്. ഞാൻ ആത്മാവ് തന്നെയാണ് പരമാത്മാവ്, അഥവാ സർവ്വരും പരമാത്മാവ് തന്നെയാണെങ്കിൽ പിന്നെ ഓങ്കാരം......ഈ മഹിമയെല്ലാം ഏത് പരമാത്മാവിനെ കുറിച്ചാണ് പറയുന്നത്? ഇതിലൂടെ തെളിയുന്നത് പരമാത്മാവ് ഒന്ന് തന്നെയാണ് എന്നതാണ്.

**2. നേരിട്ട് ഈശ്വരീയ ജ്ഞാനത്തിലൂടെ സഫലത**

നമുക്ക് ലഭിച്ച്കൊണ്ടിരിക്കുന്ന ഈ അവിനാശിയായ ജ്ഞാനം നേരിട്ട് ജ്ഞാന സാഗരനായ പരമാത്മാവിലൂടെ ലഭിച്ച് കൊണ്ടിരിക്കുന്നു. ഈ ജ്ഞാനത്തെ നമ്മൾ ഈശ്വരീയ ജ്ഞാനം എന്ന് പറയുന്നു കാരണം ഈ ജ്ഞാനത്തിലൂടെ മനുഷ്യൻ ആദി മദ്ധ്യ അന്ത്യം സുഖം നേടുന്നു അർത്ഥം ജന്മ ജന്മാന്തരം ദുഃഖത്തിന്റെ ബന്ധനത്തിൽ നിന്നും മോചിതനാകുന്നു. കർമ്മ ബന്ധനത്തിൽ വരുന്നില്ല അതുകൊണ്ട് തന്നെയാണ് ഈ ജ്ഞാനത്തെ അവിനാശിയായ ജ്ഞാനം എന്ന് പറയുന്നത്. ഇപ്പോൾ ഈ ജ്ഞാനം കേവലം ഒരേയൊരു അവിനാശിയായ പരംപിതാ പരമാത്മാവിൽ നിന്നും നമ്മൾക്ക് പ്രാപ്തമാകുന്നു, കാരണം ബാബ സ്വയം അവിനാശിയാണ്. ബാക്കി സർവ്വ മനുഷ്യ ആത്മാക്കളും ജനന മരണത്തിന്റെ ചക്രത്തിൽ വരുന്നവരാണ് .അതുകൊണ്ട് അവരിൽ നിന്നും ലഭിക്കുന്ന ജ്ഞാനം നമ്മളെ കർമ്മബന്ധനത്തിൽ നിന്നും മോചിപ്പിക്കുന്നതല്ല. ഇതു കാരണം അവരുടെ ജ്ഞാനത്തെ മിഥ്യാജ്ഞാനം അഥവാ വിനാശിയായ ജ്ഞാനം എന്ന് പറയുന്നു. എന്നാൽ ഈ ദേവതകൾ സദാ അമരന്മാരാണ് കാരണം അവർ അവിനാശിയായ പരമാത്മാവിൽ നിന്നും ഈ അവിനാശിയായ ജ്ഞാനം പ്രാപ്തമാക്കി, ഇതിലൂടെ തെളിയുന്നത് പരമാത്മാവ് ഒന്നാണ് അതുപോലെ പരമാത്മാവിന്റെ ജ്ഞാനവും ഒന്നാണ്, ഈ ജ്ഞാനത്തിൽ രണ്ട് മുഖ്യമായ കാര്യങ്ങൾ ബുദ്ധിയിൽ വയ്ക്കണം, ഒന്ന് ഇവിടെ വികാരികളായ കലിയുഗീ സംഗദോഷത്തിൽ നിന്നും ദൂരെയിരിക്കണം പിന്നെ മറ്റൊരു കാര്യം മോശമായ ആഹാര പാനീയങ്ങളുടെ പഥ്യം വയ്ക്കണം. ഈ പഥ്യം വയ്ക്കുന്നതിലൂടെ തന്നെയാണ് ജീവിതം സഫലമാകുന്നത്. ശരി, ഓംശാന്തി